പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4529 — 18.5.2017 ലെ മറുപടിക്ക്

## വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ഡോ.ടി.എം.തോമസ്ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ക്ഷയിച്ച് വരുന്ന കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്? | എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.<br>1) രണ്ടാം പുന:സംഘടനാ പദ്ധതി<br>2) എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം.<br>3) ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം<br>4) കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br><br>പുന:സംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാൻറ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ |

| | |
|---|---|
| | ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയ വിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി ബജറ്റ് പ്രകാരം 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. ചകിരി ഉൽപാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ട് ചകിരി ആക്കുവാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച ചർച്ച നടന്നു വരുന്നു.<br><br>കയർ ജിയോ ടെക്സ്റ്റയിൽസ് കൃഷി-മണ്ണ്-ജല സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിപുലമായ പഠന പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാൻറ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. |
| ബി) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | വെങ്കിടങ്ങ് സി.വി.സി.എസ്. നം.337, 2015 ഡിസംബർ മുതൽ പ്രവർത്തനരഹിതമാണ്. ഭരണ സമിതി നിലവിലുണ്ട്. സംഘത്തിൽ ഡി.എഫ് മിൽ സ്ഥാപിക്കുന്നതിനായി കെട്ടിടം ഭാഗികമായി പണി പൂർത്തിയാക്കി മെഷീൻ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ പ്രകാരം സപ്ലൈ ഓർഡർ കോയമ്പത്തൂർ ആസ്ഥാനമായുള്ള മെ.വിനായക എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിനു നൽകുകയും 4.5 ലക്ഷം രൂപ അഡ്വാൻസായി നല്കുകയും തുടർന്ന് മെഷിനറി സപ്ലൈ ചെയ്ത് സ്ഥാപിക്കാതിരുന്നതിനാൽ ഉപഭോക്തൃ തർക്ക പരിഹാര |

| | |
|---|---|
| | കോടതിയെ സമീപിക്കുകയും സംഘത്തിന് അനുകൂലമായി വിധി വന്നുവെങ്കിലും വിധി നടപ്പാക്കിക്കിട്ടിയിട്ടില്ല. |
| സി) പ്രസ്തുത സംഘത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ? | സംഘത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ